**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1300** **19-09-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന റോഡ് വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റോഡ് ഗതാഗതം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി എല്ലാ പ്രധാന റോഡുകളും ഉന്നത ഗുണനിലവാരത്തിൽ പുനർനിർമ്മിക്കുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകൾ ഉന്നത നിലവാരത്തിൽ പുനർനിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. നിലവിൽ 29573.16 കി. മീ റോഡുകളാണ് പൊതുമരാമത്ത് വകുപ്പിനുള്ളത്. ഇതിൽ പ്രധാന ജില്ലാ പാതകളും സംസ്ഥാന പാതകളും ഉൾപ്പെടുന്നു. ആയതിൽ 17749.11 കി. മീ റോഡുകൾ BM & BC നിലവാരത്തിൽ നവീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ ഫണ്ടിന്റെ ലഭ്യതയും ആവശ്യകതയും കണക്കിലെടുത്ത് ഘട്ടംഘട്ടമായി നവീകരിക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ 5822 കി. മീ റോഡുകൾ BM & BC നിലവാരത്തിൽ അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ട്. 550 കി. മീറ്ററോളം റോഡുകളിൽ കൂടി അഭിവൃദ്ധി പ്രവൃത്തികൾ നടന്നു വരുന്നു. മറ്റുള്ള റോഡുകളിൽ റണ്ണിംഗ് കോൺട്രാക്ട്/ പ്രീ മൺസൂൺ പ്രവൃത്തികൾ ഉൾപ്പെടുത്തി നിലവിലെ ഉപരിതലം കേടുപാടുകൾ തീർത്ത് സഞ്ചാരയോഗ്യമാക്കി നിലനിർത്തുന്ന പ്രവൃത്തികളും പുരോഗമിക്കുന്നു.<br><br>കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ കിഫ്ബി മാനദണ്ഡങ്ങൾ അനുസരിച്ചും MoRTH, IS code, PWD Manual, Quality manual പ്രകാരവും KRFB PMU കാര്യാലയത്തിന്റെ കീഴിൽ നിരവധി പ്രധാന റോഡുകൾ ഉന്നത നിലവാരത്തിൽ പുനർനിർമ്മിക്കുന്ന പ്രവൃത്തികളാണ് പുരോഗമിച്ചുവരുന്നത്. ഇതുവരെ KRFB PMU യുടെ കീഴിൽ BM & BC നിലവാരത്തിൽ 1188.858 കിലോമീറ്റർ ദൈർഘ്യമുള്ള 88 പ്രവൃത്തികൾ പൂർത്തീകരിക്കുകയും, 1169.771 കിലോമീറ്റർ |

| | | | |
|---|---|---|---|
| | | | ദൈർഘ്യമുള്ള 103 പ്രവൃത്തികൾ നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്.<br><br>കാലാവസ്ഥയെ അതിജീവിക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ നിർമ്മിക്കുന്ന പ്രവൃത്തികളും നടന്നു വരുന്നു.<br><br>പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൻ കീഴിലുള്ള ദേശീയപാതകളെല്ലാം ബി.എം. & ബി.സി. നിലവാരത്തിലുള്ളതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം CRIF Fund/State Fund ഉപയോഗിച്ച് 613.675 കി.മീ റോഡ് ബി.എം. & ബി.സി. നിലവാരത്തിൽ ഉയർത്തിയിട്ടുണ്ട്.<br><br>റിക്കിനു കീഴിൽ 2017-18 കാലയളവിൽ കാസർഗോഡ് , കോട്ടയം , തിരുവനന്തപുരം ജില്ലകളിലായി 4 റോഡുകൾ (മൊത്തം 83 കി.മീ.) BM & BC നിലവാരത്തിൽ പുനർനിർമ്മിച്ചിട്ടുണ്ട്. |
| (ബി) | പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിൽ വരുന്ന പ്രധാന റോഡുകളുടെയും സംസ്ഥാനപാതകളുടെയും നിർമ്മാണം ബി.എം. & ബി.സി. നിലവാരത്തിലാക്കുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകൾ ഉന്നത നിലവാരത്തിൽ പുനർനിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. നിലവിൽ 29573.16 കി. മീ റോഡുകളാണ് പൊതുമരാമത്ത് വകുപ്പിനുള്ളത്. ഇതിൽ പ്രധാന ജില്ലാ പാതകളും സംസ്ഥാന പാതകളും ഉൾപ്പെടുന്നു. ആയതിൽ 17749.11 കി. മീ റോഡുകൾ BM & BC നിലവാരത്തിൽ നവീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ ഫണ്ടിന്റെ ലഭ്യതയും ആവശ്യകതയും കണക്കിലെടുത്ത് ഘട്ടംഘട്ടമായി നവീകരിക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ 5822 കി. മീ റോഡുകൾ BM & BC നിലവാരത്തിൽ അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ട്. 550 കി. മീറ്ററോളം റോഡുകളിൽ കൂടി അഭിവൃദ്ധി പ്രവൃത്തികൾ നടന്നു വരുന്നു. മറ്റുള്ള റോഡുകളിൽ റണ്ണിംഗ് കോൺട്രാക്ട്/ പ്രീ മൺസൂൺ പ്രവൃത്തികൾ ഉൾപ്പെടുത്തി നിലവിലെ ഉപരിതലം കേടുപാടുകൾ തീർത്ത് സഞ്ചാരയോഗ്യമാക്കി നിലനിർത്തുന്ന പ്രവൃത്തികളും പുരോഗമിക്കുന്നു.<br><br>കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ കിഫ്ബി മാനദണ്ഡങ്ങൾ അനുസരിച്ചും MoRTH, IS code, PWD Manual, Quality manual പ്രകാരവും KRFB PMU കാര്യാലയത്തിന്റെ കീഴിൽ നിരവധി പ്രധാന റോഡുകൾ ഉന്നത നിലവാരത്തിൽ പുനർനിർമ്മിക്കുന്ന പ്രവൃത്തികളാണ് |

| | | | |
|---|---|---|---|
| | | | പുരോഗമിച്ചുവരുന്നത്. ഇതുവരെ KRFB PMU യുടെ കീഴിൽ BM & BC നിലവാരത്തിൽ 1188.858 കിലോമീറ്റർ ദൈർഘ്യമുള്ള 88 പ്രവൃത്തികൾ പൂർത്തീകരിക്കുകയും, 1169.771 കിലോമീറ്റർ ദൈർഘ്യമുള്ള 103 പ്രവൃത്തികൾ നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്.<br><br>കാലാവസ്ഥയെ അതിജീവിക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ നിർമ്മിക്കുന്ന പ്രവൃത്തികളും നടന്നു വരുന്നു.<br><br>പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൻ കീഴിലുള്ള ദേശീയപാതകളെല്ലാം ബി.എം. & ബി.സി. നിലവാരത്തിലുള്ളതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം CRIF Fund/State Fund ഉപയോഗിച്ച് 613.675 കി.മീ റോഡ് ബി.എം. & ബി.സി. നിലവാരത്തിൽ ഉയർത്തിയിട്ടുണ്ട്.<br><br>റിക്കിനു കീഴിൽ 2017-18 കാലയളവിൽ കാസർഗോഡ് , കോട്ടയം , തിരുവനന്തപുരം ജില്ലകളിലായി 4 റോഡുകൾ (മൊത്തം 83 കി.മീ.) BM & BC നിലവാരത്തിൽ പുനർനിർമ്മിച്ചിട്ടുണ്ട്. |
| (സി) | കേരളത്തിലെ പ്രധാന പട്ടണങ്ങളെ ബന്ധിപ്പിച്ചു കൊണ്ട് കടന്നുപോകുന്ന എം.സി. റോഡിന്റെ ഗതാഗതക്ഷമതയും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട നാലുവരിപ്പാത വികസന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ? | (സി) | എം.സി.റോഡ് 4 വരി പാതയാക്കി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തിക്കായി 2022-23 ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ G.O.(Rt)No.1069/2022/PWD dated 05.11.2022 പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കേശവദാസപുരം മുതൽ അങ്കമാലി വരെയുള്ള പ്രസ്തുത റോഡിലെ കേശവദാസപുരം മുതൽ മണ്ണന്തല വരെയുള്ള ഭാഗം നിലവിൽ 4 വരി പാത ആയി വികസിപ്പിച്ചിട്ടുള്ളതും, ചെങ്ങന്നൂർ മുതൽ കോട്ടയം Aida junction വരെയുള്ള ഭാഗം എൻ.എച്ച്. ആയി മാറ്റിയിട്ടുള്ളതും, കോട്ടയം മുതൽ അങ്കമാലി വരെയുള്ള ഭാഗം OPBRC പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ആയതിനാൽ ശേഷിക്കുന്ന മണ്ണന്തല മുതൽ ചെങ്ങന്നൂർ വരെയുള്ള ഭാഗത്തെ 4 സ്ട്രെച്ചായി തിരിച്ചുകൊണ്ട് ഡി.പി.ആർ. പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്.<br><br>സ്ട്രെച്ച് 1- മണ്ണന്തല-തൈക്കാട്<br><br>സ്ട്രെച്ച് 2- തൈക്കാട് - വാഴോട്<br><br>സ്ട്രെച്ച് 3- വാഴോട് - ഏനാത്ത്<br><br>സ്ട്രെച്ച് 4 - ഏനാത്ത് - ചെങ്ങന്നൂർ |

| | | | |
|---|---|---|---|
| | | | ഇതിൽ മണ്ണന്തല മുതൽ ഏനാത്ത് വരെയുള്ള ഭാഗത്തെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് അലൈൻമെന്റ് ഡിസൈൻ ആരംഭിച്ചിട്ടുണ്ട്. ഏനാത്ത് മുതൽ ചെങ്ങന്നൂർ വരെയുള്ള ഭാഗത്തെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് കെ.ആർ.എഫ്.ബി.യിൽ നിന്നും Rs.2,14.08,000/- രൂപ അനുവദിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ഫണ്ട് കൈമാറിയിട്ടുള്ളതും, ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ PPU -ന്റെ നേതൃത്വത്തിൽ നടന്നുവരികയുമാണ്. |

സെക്ഷൻ ഓഫീസർ